ROLL NUMBER

| | | | | | |
|---|---|---|---|---|---|
| | | | | | |

**Code No: 12**

# INDIAN SCHOOL, AL GHUBRA

**MOCK – 1 [2007-2008]**

## CLASS: X – MALAYALAM

## മലയാളം

*Time allowed: 3 hrs* | *M.Marks: 100*

*അനുവദിച്ച സമയം: 3 മണിക്കൂർ* | *ആകെ മാർക്ക്: 100*

### General Instructions:

- *Please check that this question paper contains 4 printed pages.*
- *Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.*
- *Please check that this question paper contains 5 questions.*
- *Please write down the serial number of the question before attempting it.*

എ വിഭാഗം

**1.** (a) പര്യായം 1
നാവ്

(b) വിപരീതപദം എഴുതുക 1
(1) ആശ
(2) സമം

(c) നാനാർത്ഥമെഴുതുക 1
(1) മാർഗ്ഗം

(d) അർത്ഥവ്യത്യാസമെഴുതുക 1
(1) ഗാത്രം – ഗോത്രം

(e) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക 4
(1) ഉപകാരോപനിഷത്ത്
(2) അന്നാദ്യം
(3) തൂകെത്തൂകെ
(4) കണ്ണീർ

(f) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക 4
(1) പരമാനന്ദം
(2) മനോഭാവം
(3) അനാദി
(4) അകതാര്

(g) പ്രയോഗം മാറ്റുക 2

(1) മദ്യം മനുഷ്യനെ ദുഷിപ്പിക്കും.

(2) ഞാൻ പുസ്തകത്തിൻെറ ആദ്യപേജ് നിവർത്തി.

(h) അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക. 2

(1) അയാൾ അവളെ റോഡിൻെറ അരികിലേയ്ക്കു മാറ്റി നിറുത്തിയിട്ടു വണ്ടിയുമെടുത്തുകൊണ്ട് ഓട്ടം തുടങ്ങി.

(2) ഭാഷയുടെ ശബ്ദാർത്ഥഗതമായ കഴിവുകളെ പരമാവധി ഉപയോഗിച്ചത് ചെറുശ്ശേരിയുടെ കലാപരമായ വിജയങ്ങളിൽ ഒന്നാണ്.

(i) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക 2

സ്വസ്ത്യയനം കഴിഞ്ഞ്, കൈയുറയും സ്വർണ്ണപ്പൊൻകവചവും നിറഞ്ഞ ആവനാഴിയോ വില്ലും ധരിച്ച അർജുനൻ കളത്തിലിറങ്ങി.

(j) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക 2

ബഷീർ മങ്കോസ്റ്റിൻ എന്ന വലിയ മരത്തിൻെറ ചുവട്ടിൽ ഇരിക്കുന്നതു പ്രതിരൂപാത്മകമായ പ്രക്രിയയാണെന്ന് എനിക്കു തോന്നുന്നു.

**2.** (a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക: 10

(1) വായനയുടെ പ്രാധാന്യം.

(2) വിദ്യാർത്ഥികളും കായികവിനോദവും

(3) സ്കൂൾ സാഹിത്യസമാജം കൊണ്ടുള്ള നേട്ടങ്ങൾ

(b) നിങ്ങളുടെ സ്കൂൾ വാർഷിക ആഘോഷം ഉദ്ഘാടനം ചെയ്യാൻ അപേക്ഷിച്ചുകൊണ്ട് ജില്ലാ കളക്ടർക്ക് ഒരു കത്ത് തയ്യാറാക്കുക. 10

(c) താഴെ കൊടുത്തിട്ടുള്ള ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

കേരളഭാഷയ്ക്ക്, 'മലയാളം', എന്ന പേരു സിദ്ധിച്ചിട്ട് അധികകാലമായിട്ടില്ല. 'മലയാളം' ആദ്യം ദേശനാമത്തെക്കുറിക്കുന്ന പദമായിരുന്നു. മലയോടു ചേർന്നു കിടക്കുന്ന 'അളം' അഥവാ ദേശം എന്ന അർത്ഥത്തിൽ ഉദ്ഭവിച്ച 'മലയാളം' എന്ന പദം ഈഷൽഭേദത്തോടെ 'മലയാള'മായിത്തീർന്നതാവാം. പിന്നീടു 'മലയാണ്മ' 'മലയായ്മ' എന്നീ സംജ്ഞകൾ ഭാഷാവാചിയായി നിലവിലിരുന്നിരുന്നു. ഇപ്പോൾ ദേശനാമമായ 'മലയാളം' തന്നെ ഭാഷാനാമമായും ഉപയോഗിച്ചുവരുന്നു. ദ്രാവിഡഭാഷാഗോത്രത്തിൽപ്പെട്ട ഒരു ഭാഷയുടെ ലക്ഷണമാണ് മലയാളത്തിനു സ്വാഭാവികമായി കാണുന്നത്. എങ്കിലും മലയാളത്തിന് മറ്റു ദ്രാവിഡഭാഷകളുമായി, വിശേഷിച്ച് അതിനോട് ഏറ്റവും അടുത്തുനിൽക്കുന്ന തമിഴുമായി ഉണ്ടായിരുന്ന ബന്ധം

എങ്ങനെയുള്ളതെന്നതിനെപ്പറ്റി സാരമായ അഭിപ്രായവ്യത്യാസമുണ്ട്. മലയാളം തമിഴിന്റെ ഒരു ശാഖ മാത്രമാണെന്ന് പല പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിരുന്നു. ബിഷപ്പ് കാൽഡ്വൽ ഉന്നയിച്ച ഈ അഭിപ്രായത്തെത്തന്നെയാണ് പിന്നീട് എ. ആർ. രാജരാജവർമ്മ 'കേരളപാണിനീയ'ത്തിൽ വിസ്തരിച്ച് സമർത്ഥിച്ചിട്ടുള്ളത്. തമിഴും മലയാളവും തമ്മിൽ ദീർഘകാലമായി നിലനിന്നുവന്ന ഗാഢസമ്പർക്കവും, രണ്ടിലേയും വ്യാകരണനിയമങ്ങൾ, പദസമൂഹം എന്നിവയിൽ കാണുന്ന സാദൃശ്യങ്ങളും, മലയാളത്തിനെത്തന്നെ തമിഴെന്ന പേരിൽ വ്യവഹരിച്ചുവന്നതും ഈ വാദത്തിന് അസാധാരണമായ പ്രാബല്യം നൽകിയിട്ടുണ്ട്.

1. മലയാളം ഏതു ഭാഷാഗോത്രത്തിൽപ്പെടുന്നു ? 2
2. 'കേരളപാണിനീയത്തിൽ' എ.ആർ.രാജരാജവർമ്മ സമർത്ഥിച്ചിട്ടുള്ളത് ആരുടെ അഭിപ്രായത്തെയാണ് ? 2
3. തമിഴിന്റെ ശാഖയാണു മലയാളമെന്ന വാദത്തിന് അസാധാരണപ്രാബല്യം ലഭിച്ചതെങ്ങനെ ? 2
4. മലയാളം എന്ന പദത്തിന്റെ ഉദ്ഭവം എഴുതുക. 2
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക. 2

## ബി വിഭാഗം

**3.** (a) "എന്റെ ഈ ദാനം പൊറുക്കാത്തവനാരോ അവൻ വില്ലു കുലച്ചു വരട്ടെ." –

(i). ഇങ്ങനെ പറഞ്ഞതാര് ? 1

(ii). സന്ദർഭം വിശദമാക്കുക. 2

(iii). ആർക്കാണു ദാനം നൽകിയത് ? 1

(b) 'ചെറുശ്ശേരിയുടെ കൃതി ഗുണം കൊണ്ടെന്ന പോലെ വലുപ്പം കൊണ്ടും ശ്രദ്ധേയമായിരിക്കുന്നു. – ലേഖകൻ ഈ അഭിപ്രായത്തെ വ്യക്തമാക്കുന്നതെങ്ങനെ ? 4

(c) നാളെയെക്കുറിച്ചുള്ള പ്രതീക്ഷകൾ പപ്പുവിന് ഉണ്ടാകാനിടയായ സാഹചര്യം ചുരുക്കി വിവരിക്കുക. 4

(d) മതങ്ങളെപ്പറ്റി ശ്രീനാരായണഗുരുവിന്റെ കാഴ്ചപ്പാടെന്ത് ? 4

(e) 'ബഷീർ മങ്കോസ്റ്റീൻ എന്ന വലിയ മരത്തിന്റെ ചുവട്ടിൽ ഇരിക്കുന്നതു പ്രതിരൂപാത്മകമായ പ്രക്രിയയാണെന്ന് എനിക്കു തോന്നുന്നു.' –

(i). തോന്നിയതാർക്ക് ? 1

(ii). ഇങ്ങനെ പ്രസ്താവിക്കാനുള്ള കാരണം വിശദമാക്കുക. 3

**4.** (a) 'വഴിപോൽ ബഹുമാനിക്കണമല്ലോ'

(i). വഴിപോലെ ബഹുമാനിക്കേണ്ടതാരെ ? 1

(ii). എങ്ങനെയാണ് ബഹുമാനിക്കുക. ? 2

(iii).ഏതു കവിതയിലെ വരികളാണിത് ? കവിയാര് ? 1

(b) 'കൗതുകമുണ്ടായ്വന്നു ചേതസി കൗശികനും' –

(i). ഏതു കവിതയിലെ വരികളാണിത് ? കവിയാര് ? 1

(ii). കൗശികന് കൗതുകമുണ്ടായതെപ്പോൾ ? സന്ദർഭമെഴുതുക. 3

(c) "ഒരൊറ്റമതമുണ്ടുലകി, ന്നുയിരാം പ്രേമം; അതൊന്നല്ലോ
പരക്കെ നമ്മെപ്പാലമൃതൂട്ടും പാർവണശശിബിംബം"
– സ്വാരസ്യവും അലങ്കാരവും വ്യക്തമാക്കുക. - 4

(d) 'അച്ഛനോ ദൂനമാണിന്നു ചിത്തം
കൊച്ചു സുഹൃന്മണേ നിൻെറ പേരിൽ'
അച്ഛനു ദു:ഖം തോന്നാൻ ഇടയായ സംഭവമെന്തായിരുന്നു. 4

(e) പുതിയ പുതിയ സുഖഭോഗവസ്തുക്കൾക്കുവേണ്ടി തൻെറ
നിലനിൽപിനെത്തന്നെ പണയം വയ്ക്കുന്ന ആധുനിക മനുഷ്യൻെറ
മനോഭാവത്തെ കവി പരിഹസിക്കുന്നതെങ്ങനെ ? 4

**5.** 'പ്രൊഫസറുടെ ലോകം' എന്ന കഥാസമാഹാരത്തിലൂടെ കെ. എൽ. മോഹനവർമ്മ നമ്മുടെ സമൂഹത്തിലെ ചില മാന്യന്മാരുടെ യഥാർത്ഥ മുഖം നമ്മെ കാണിച്ചു തരുകയാണ്. – ഈ അഭിപ്രായം വിലയിരുത്തുക. 10

(അല്ലെങ്കിൽ)

'പ്രൊഫസറുടെ ലോക'ത്തിലെ പ്രൊഫസറുടെ ദൗർബല്യങ്ങളും ജീവിതസങ്കീർണ്ണതകളും വാസ്തവത്തിൽ എല്ലാ മനുഷ്യരുടെയും ദൗർബല്യങ്ങളും സങ്കീർണ്ണതകളുമാണ്. – വ്യക്തമാക്കുക.

■